എം.പി(6) 26015/2013. സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 12–06–2013.

E-mail: keralarcs.coop@kerala.gov.in
Website: www.cooperation.kerala.gov.in
Tel. No. 0471-2330726

**സർക്കുലർ നമ്പർ 39/2013.**

വിഷയം: കൊപ്ര സംഭരണം 2013 – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. ജി.ഒ(എം.എസ്)നമ്പർ. 132/2013/എഡി തീയതി 18–4–2013.
2. ജി.ഒ(എം.എസ്)നമ്പർ. 161/2013/എ.ഡി. തീയതി. 17–5–2013.

2013 വർഷത്തിൽ കൊപ്ര സംഭരണം നടത്തുന്നതിനായി മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും ബാൾ കൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയും താങ്ങ്‌വില നിശ്ചയിച്ചു കൊണ്ടും, സംസ്ഥാനത്ത് കേരഫെഡിനേയും മാർക്കറ്റ് ഫെഡിനെയും നോഡൽ ഏജൻസികളായി തരഞ്ഞെടുത്തു കൊണ്ടും സൂചന(1) മുഖേന ഉത്തരവായിട്ടുണ്ട്. കൂടാതെ നാളികേര വികസന ബോർഡിന്റെ നിയന്ത്രണത്തിലുള്ള നാളികേര ഉൽപാദക സംഘങ്ങൾ, നാളികേര ഉൽപാദക ഫെഡറേഷനുകൾ എന്നിവയെയും കുടുംബശ്രീ, ജനശ്രീ യൂണിറ്റുകൾ എന്നിവയെയും കൊപ്ര സംഭരണ ഏജൻസികളായി തെരെഞ്ഞെടുത്ത് കൊണ്ട് സൂചന(2) മുഖേന ഉത്തരവായിട്ടുണ്ട്. 2013 ലെ കൊപ്ര സംഭരണം നടത്തുന്നതിന് 3–09–05–ലെ ജി.ഒ(എം.എസ്)129/05/എ.ഡി., 22–03–07–ലെ ജി.ഒ(എം.എസ്) 40/07/എ.ഡി., 2–1–07–ലെ ജി.ഒ(എം.എസ്)48/07/എ.ഡി., 27–4–09–ലെ ജി.ഒ. (എം.എസ്) 81/09/എ.ഡി എന്നീ ഗവൺമെന്റ് ഉത്തരവുകളിലെ മാനദണ്ഡങ്ങളും പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊപ്ര സംഭരണത്തിനായി തെരെഞ്ഞെടുക്കേണ്ട സംഘങ്ങളുടെ ലിസ്റ്റ് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലയിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ, നാഫെഡിന്റെയും, കേരഫെഡിന്റെ മാർക്കറ്റ് ഫെഡിന്റെയും പ്രതിനിധികൾ അംഗങ്ങളും ജോയിന്റ് രജിസ്ട്രാർ(ജനറൽ) കൺവീനറുമായ കമ്മറ്റിയാണ് തെരെഞ്ഞെടുക്കേണ്ടതെന്നതിനാൽ ഇക്കാര്യത്തിൽ ഇതുവരെയും ടി നടപടികൾ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലെയും തിരഞ്ഞെടുത്ത സംഘങ്ങളുടെ ലിസ്റ്റ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

2013–ലെ കൊപ്ര സംഭരണം തെരെഞ്ഞെടുത്ത സഹകരണ സംഘങ്ങൾ മുഖേന യഥാർത്ഥ കർഷകരിൽ നിന്ന് അവരുടെ നാളികേരം സംഭരിക്കുന്നു എന്ന ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റ് ഇൻസ്പെക്ടർമാർ അവരുടെ യൂണിറ്റിൽ വരുന്ന സഹകരണ സ്ഥാപനങ്ങൾ കൊപ്ര സംഭരണം ആക്ഷേപങ്ങൾക്കിടയില്ലാത്ത വിധം സംഭരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും യഥാർത്ഥ നാളികേര കർഷക രിൽ നിന്ന് തന്നെയാണ് സംഘം സംഭരണം നടത്തുന്നതെന്ന് ഉറപ്പുവരുത്തേ ണ്ടതും സംഭരിക്കുന്ന കൊപ്രയുടെ ഗുണമേന്മയും സ്റ്റോക്കും ഇടയ്ക്കിടെ പരി ശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. കൊപ്ര സംഭരണത്തിൽ എന്തെങ്കിലും ക്രമ ക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഉടൻ തന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് രജി സ്ട്രാർ/ജോയിന്റ് രജിസ്ട്രാർമാരുടെ ശ്രദ്ധയിൽ രേഖാമൂലം കൊണ്ടു വരേണ്ട താണ്.

കൊപ്ര സംഭരണത്തിന്റെ പുരോഗതി യഥാസമയം വിലയിരുത്തേണ്ടതും ഓരോ ആഴ്ചയിലേയും സംഭരണത്തെ സംബന്ധിച്ച പുരോഗതി നിർദ്ദിഷ്ട പ്രൊഫോർമയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ ആഫീസ് ഇൻസ്പെ ക്ടറെയും, ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ ആഫീസിലെ അസിസ്റ്റന്റ് രജി സ്ട്രാർ(പ്ലാനിംഗ്) നെയും നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.

സംസ്ഥാനത്തിലെ കേര കർഷകർക്ക് ആശ്വാസകരമായ ഒരു സംരംഭമെന്ന നിലയിൽ സഹകരണ സംഘങ്ങൾ, നാളികേര വികസന ബോർഡ്, കുടും ബശ്രീ/ജനശ്രീ യൂണിറ്റുകൾ മുഖേന നടത്തുന്ന സംഭരണത്തിൽ വകുപ്പ് ഉദ്യോഗ സ്ഥൻമാർ ശ്രദ്ധ പുലർത്തേണ്ടതും പരാതികൾ/ആക്ഷേപങ്ങൾക്കിടയില്ലാതെ സമയബന്ധിതമായി സംഭരണം നടത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ് 2013–ലെ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് അതാത് ജില്ലയിൽ രൂപീകരിച്ച മോണിറ്ററിംഗ് കമ്മറ്റിയുടെ തീരുമാനങ്ങളും തുടർന്ന് ജില്ലയിലെ നാളിതു വരെയുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ടും അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉടൻ ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട് സംശയ നിവാരണങ്ങൾ മറ്റു കാര്യ ങ്ങൾ എന്നിവക്കായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ മാർക്കറ്റിംഗ് വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ, കേരഫെഡ്/മാർക്കറ്റ് ഫെഡ്ന്റെ കേന്ദ്ര ആഫീസുകളിലെ ചുവടെ നൽകുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ(മാർക്കറ്റിംഗ്)– 0471 2330825, 2334620

കേരഫെഡ് – 0471 2320504

മാർക്കറ്റ് ഫെഡ് – 0484 2203880, 2204319

കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിക്കുന്നതിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരുടെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും അടിയന്തര ശ്രദ്ധ അത്യന്താപേക്ഷിതമാണെന്നും പ്രത്യേകം ഓർമ്മപ്പിക്കുന്നു.

ഒപ്പ്
**സഹകരണസംഘം രജിസ്ട്രാർ**